# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7771

## 23.07.2012-ലെ മറുപടിക്ക്

### ദിവസവേതനക്കാരുടെ വേതന ഘടന പുതുക്കി നിശ്ചയിക്കുവാൻ നടപടി

| | ചോദ്യം | മറുപടി |
|---|---|---|
| | ബഹു. ശ്രീ. ഇ.പി. ജയരാജൻ | ബഹു. ധനകാര്യ വകുപ്പ് മന്ത്രി<br>ശ്രീ.കെ. എം. മാണി |
| (എ) | സംസ്ഥാനത്തെ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ദിവസവേതനത്തിന് ജോലി ചെയ്യുന്നവരുടെ വേതനം ഏറ്റവും ഒടുവിൽ പുതുക്കി നിശ്ചയിച്ചത് എപ്പോഴാണെന്നു വ്യക്തമാക്കുമോ; | സർക്കാർ ഓഫീസുകളിലെ ദിവസവേതന ജീവനക്കാരുടെ വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് ധനവകുപ്പ് താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>1) GO(P)No.204/11/Fin തീയതി 2/5/11<br>2) GO(P)No.264/11/Fin തീയതി 18/6/11<br>3) GO(P)No.330/11/Fin തീയതി 3/8/11<br>4) GO(P)No.75/12/Fin തീയതി 28/1/12<br>ടി ഉത്തരവുകൾ കൂടാതെ ധനവകുപ്പിൻെറ അനുമതിയോടെ ഗവൺമെൻറ്/എയ്ഡഡ് സ്കൂളുകളിലെ ദിവസവേതനാടിസ്ഥാനത്തിലുള്ള അദ്ധ്യാപകരുടെ വേതനം GO(P)No.189/11/പൊ.വി.വ തീയതി 6/9/11 പ്രകാരവും ഹോമിയോ, ആയുർവേദം, ഐ.എസ്.എം എന്നിവിടങ്ങളിലെ ദിവസവേതനജീവനക്കാരുടെ വേതനം GO(Ms)No.145/12/H&FWD തീയതി 19/5/12 പ്രകാരവും, വർദ്ധിപ്പിച്ചിട്ടുണ്ട്. മാത്രമല്ല, കാലാകാലങ്ങളിലുള്ള ഭരണവകുപ്പ് ശുപാർശ പരിശോധിച്ച് വിവിധ വിഭാഗത്തിലുള്ള ജീവനക്കാരുടെ ദിവസവേതനം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് ധനവകുപ്പ് അനുമതി നൽകാറുമുണ്ട്. |

| | | |
|---|---|---|
| | | പൊതുമേഖലാ സ്ഥാപനങ്ങൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിലെ ദിവസവേതന ജീവനക്കാരുടെ വേതനം നിശ്ചയിച്ചുകൊണ്ടുള്ള പൊതുവായ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ, ആയത് ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ സർക്കാർ വകുപ്പുകളിലെ ദിവസവേതനവുമായി ബന്ധപ്പെടുത്തി ഡയറക്ടർ ബോർഡ് തലത്തിൽ തീരുമാനമെടുത്തശേഷം സർക്കാർ അംഗീകാരം വാങ്ങണമെന്നുള്ളതാണ് നിലവിലുള്ള വ്യവസ്ഥ. |
| (ബി) | സർക്കാർ ജീവനക്കാരുടെ ശമ്പളവും ബത്തകളും പരിഷ്ക്കരിക്കുകയും ക്ഷാമബത്ത വർദ്ധിപ്പിച്ച നിരക്കിൽ നൽകുകയും ചെയ്തിട്ടും ദിവസവേതനക്കാരുടെ വേതനം വർദ്ധിപ്പിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ശമ്പളപരിഷ്കരണ ഉത്തരവിനോടനു-ബന്ധിച്ചാണ് മേൽപ്പറഞ്ഞ വേതനവർദ്ധനവ് സർക്കാർ ഓഫീസുകളിലെ ദിവസവേതന ജീവനക്കാർക്ക് നടപ്പിലാക്കിയിട്ടുള്ളത്. |
| (സി) | അങ്ങനെയെങ്കിൽ, ദിവസവേതനത്തിനു ജോലിചെയ്യുന്നവരുടെ വേതനഘടന പുതുക്കി നിശ്ചയിക്കുവാൻ നടപടി സ്വീകരിക്കുമോ; | ചോദ്യം (എ) യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (ഡി) | എന്നുമുതൽ പുതുക്കിയ വേതനം ഇവർക്ക് ലഭ്യമാക്കും എന്ന് വ്യക്തമാക്കുമോ; | |

സെക്ഷൻ ഓഫീസർ